**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2094** **20-01-2021 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് കോവിഡ് രോഗികൾക്ക് ആശ്രയിക്കാവുന്ന ക്ലിനിക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | പോസ്റ്റ് കോവിഡ് പ്രശ്നങ്ങൾ നേരിടുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കോവിഡ് മുക്തരായ രോഗികളുടെ ആരോഗ്യ വിവരങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ സജ്ജീകരിച്ചിട്ടുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്യുന്നുണ്ട്. പരിഹരിക്കപ്പെടാവുന്ന നിസാര രോഗലക്ഷണങ്ങൾ ഈ കേന്ദ്രങ്ങളിൽ തന്നെ ചികിത്സിക്കുകയും തുടർ ചികിത്സ വേണ്ടി വരുന്ന രോഗികളെ താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഈ ആശുപത്രികളിൽ വിവിധ സ്പെഷ്യലിസ്റ്റുകൾ അടങ്ങുന്ന ഒരു ടീം രോഗികളെ വിദഗ്ധ പരിശോധനയ്ക്ക് വിധേയമാക്കി ചികിത്സ നൽകുന്നു. സംസ്ഥാനത്ത് 1168 പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ എഴുപത്തി മൂവായിരത്തിൽ പരം രോഗികൾക്ക് നാളിതുവരെ വിവിധ തരങ്ങളായുള്ള ചികിത്സ നൽകിയിട്ടുണ്ട്. |
| (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സബ് സെന്ററുകൾ കൂടുതൽ നവീകരിക്കുകയും പോസ്റ്റ് കോവിഡ് രോഗികൾക്ക് ഉൾപ്പെടെ ആശ്രയിക്കാവുന്ന ക്ലിനിക്കുകളായി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആലോചിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പോസ്റ്റ് കോവിഡ് ക്ലിനിക്കുകളുടെ പ്രവർത്തനം പ്രാഥമികാരോഗ്യ കേന്ദ്ര തലം മുതലാണ്. എങ്കിലും പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നത് സബ് -സെന്റർ കേന്ദ്രീകരിച്ച് ഫീൽഡ്തല ജീവനക്കാരും, ആശാപ്രവർത്തകരും, മറ്റ് സന്നദ്ധ പ്രവർത്തകരും ചേർന്നാണ്. ആയതിനാൽ സബ് സെന്ററുകളെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളാക്കി മാറ്റുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |
| (സി) | പോസ്റ്റ് കോവിഡ് പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പോസ്റ്റ് കോവിഡ് രോഗങ്ങളെക്കുറിച്ചും അവയുടെ ലക്ഷണങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പ് വിവിധ തരം ആരോഗ്യബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ആരോഗ്യപ്രവർത്തകരും |

| | | | |
|---|---|---|---|
| | | | ആശാപ്രവർത്തകരും കോവിഡ് മുക്തരായവരുടെ ഭവനങ്ങൾ സന്ദർശിച്ച് അവർക്ക് കോവിഡാനന്തര രോഗങ്ങളെക്കുറിച്ചുള്ള അവബോധം നേരിട്ട് നൽകുകയും അവരെ ഏറ്റവുമടുത്തുള്ള പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നു. ദൃശ്യ– ശ്രാവ്യ– അച്ചടി മാധ്യമങ്ങളിലൂടെയും, സോഷ്യൽ മീഡിയയിലൂടെയും, കോവിഡാനന്തര രോഗങ്ങളെക്കുറിച്ചും, ചികിത്സ ലഭിക്കുന്ന ആശുപത്രികളെക്കുറിച്ചും വ്യക്തമായ ബോധവത്കരണം ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ